"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - ഹയർ സെക്കന്ററി വിദ്യാഭ്യാസം - കണ്ണൂർ തായിനേരി എസ്.എ.ബി.റ്റി.എം. എച്ച്.എസ്.എസ്.-ലെ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) അറബിക് തസ്തിക എച്ച്.എസ്.എസ്.റ്റി.യായി അപ്ഗ്രേഡ് ചെയ്തു കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (റ്റി) വകുപ്പ്**

സ.ഉ.(കൈ) നം.20/2026/GEDN തീയതി,തിരുവനന്തപുരം, 06-02-2026

---

പരാമർശം:-

1. കണ്ണൂർ തായിനേരി എസ്.എ.ബി.റ്റി.എം. എച്ച്.എസ്.എസ്. മാനേജർ സമർപ്പിച്ച 26/11/2021 തീയതിയിലെ അപേക്ഷ.
2. ശ്രീ.സമീർ കെ.വി. സമർപ്പിച്ച 31/08/2024 തീയതിയിലെ അപേക്ഷ.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 12/09/2023 തീയതിയിലെ Acd C3/229440/2023/DGE/HSE നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കണ്ണൂർ തായിനേരി എസ്.എ.ബി.ടി.എം. എച്ച്.എസ്.എസ്-ൽ ICT സെൽ ഡാറ്റയിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലും 2016-2017 മുതൽ 2023-24 വരെയുള്ള സ്റ്റാഫ് ഫിക്സേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും എച്ച്.എസ്.എസ്.ടി. (ജൂനിയർ) അറബിക് തസ്തിക അപ്ഗ്രേഡ് ചെയ്യുന്നതിനാവശ്യമായ പിരീഡുകൾ ഉണ്ട് എന്നും ആയതിനാൽ എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) അറബിക് തസ്തിക എച്ച്.എസ്.എസ്.റ്റി.യായി അപ്ഗ്രേഡ് ചെയ്യുന്നതിലേയ്ക്കായി സ്കൂൾ മാനേജരും ടി സ്ക്കൂളിലെ എച്ച്.സ്.എസ്.റ്റി.(ജൂനിയർ) അറബിക് അധ്യാപകനായ ശ്രീ.സമീർ കെ.വി.യും പരാമർശം (1), (2) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2)എസ്.എ.ബി.ടി.എം. ഹയർസെക്കൻഡറി സ്കൂളിൽ 2014-15, 2015-16 വർഷത്തിൽ സയൻസ്, കോമേഴ്സ് എന്നിവയിലായി ഓരോ ബാച്ചുകൾ വീതവും മലയാളം, അറബിക് ഉപഭാഷ ജൂനിയർ തസ്തികകളും അനുവദിച്ചിരുന്നുവെന്നും ഉപഭാഷ വിദ്യാർഥികളുടെ അനുപാതം കണക്കാക്കുമ്പോൾ 2018-19, 2019-20, 2020-21 വർഷങ്ങളിൽ അറബിക് ഉപഭാഷയ്ക്ക് ആഴ്ചയിൽ യഥാക്രമം 18, 24, 24 പിരീഡുകൾ ഉണ്ട് എന്നും ഉപഭാഷ വിഷയങ്ങൾക്ക് തസ്തികകൾ ഉയർത്തുന്നതിന് തുടർച്ചയായ മൂന്ന് വർഷങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡ പ്രകാരമുള്ള വിദ്യാർത്ഥികൾ ഉള്ളതിനാൽ കണ്ണൂർ തായിനേരി എസ്.എ.ബി.ടി.എം. ഹയർസെക്കന്ററി സ്കൂളിലെ ഹയർസെക്കന്ററി (ജൂനിയർ) അറബിക് തസ്തിക എച്ച്.എസ്.എസ്.റ്റി. തസ്തികയാക്കി ഉയർത്താവുന്നതാണ് എന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

3)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കണ്ണൂർ തായിനേരി എസ്.എ.ബി.ടി.എം. ഹയർസെക്കന്ററി സ്കൂളിലെ എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) അറബിക് തസ്തിക എച്ച്.എസ്.എസ്.റ്റി. തസ്തികയാക്കി അപ്ഗ്രേഡ് ചെയ്തുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ വാസുകി കെ ഐ എ എസ്
സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, ഹയർസെക്കണ്ടറി വിദ്യാഭ്യാസം, തിരുവനന്തപുരം.
മേഖലാ ഉപമേധാവി, ഹയർസെക്കണ്ടറി വിദ്യാഭ്യാസം, കണ്ണൂർ.
മാനേജർ, എസ്.എ.ബി.റ്റി.എം. എച്ച്.എസ്.എസ്., തായിനേരി, കണ്ണൂർ - **670 307.**
ശ്രീ.സമീർ കെ.വി., എച്ച്.എസ്.എസ്.റ്റി.(ജൂനിയർ) അറബിക്, എസ്.എ.ബി.റ്റി.എം. എച്ച്.എസ്.എസ്., തായിനേരി, കണ്ണൂർ - **670 307.**
അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ഓഡിറ്റ് ), കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി.) വകുപ്പ്.
ധനകാര്യ വകുപ്പ് **(E:3152739/EDN-B1/198/2025-FIN, dated 12/01/2026)**
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Salim M
Date: 06-02-2026 10:53:26
സെക്ഷൻ ഓഫീസർ